# THE SYRO-MALANKARA CATHOLIC CHURCH

## DIOCESE OF PATHANAMTHITTA

**MOST REV. DR. SAMUEL MAR IRENIOS**
BISHOP OF PATHANAMTHITTA

CATHOLIC BISHOP'S HOUSE
PATHANAMTHITTA - 689 645
KERALA, INDIA
Phone: +91-468-2223100, 2223200
Fax: +91-468-2223800
E-mail: diocesepta@gmail.com (O)
bishopmarirenios@gmail.com (P)

### സർക്കുലർ

### കോവിഡ് മഹാമാരിക്കെതിരെ പ്രാർത്ഥനായജ്ഞം

**ബഹുമാനപ്പെട്ട വൈദികരേ, സന്യസ്തരേ, കർത്താവിൽ പ്രിയ വിശ്വാസികളെ,**

കോവിഡ്- 19ന്റെ അതിശീഘ്രവ്യാപനം ഭയാനകമായി തുടരുകയാണല്ലോ. അതിനെ തടഞ്ഞുനിർത്താനുള്ള മാനുഷിക പരിശ്രമങ്ങളൊന്നു കാര്യമായ ഫലം കാണുന്നില്ല. വ്യാപനം തടയുന്നതിനും ഈ മഹാമാരിയെ അതിജീവിക്കുന്നതിനും ശാസ്ത്രീയമായ മാർഗ്ഗങ്ങൾ തേടുന്നതിനോടൊപ്പം ആത്മീയമായ പരിഹാരം കണ്ടെത്തുന്നതിനും നാം ശ്രദ്ധിക്കണം. നമ്മുടെ ജീവിതത്തിന്റെ മുൻഗണനകൾ ദൈവഹിതപ്രകാരം ചിട്ടപ്പെടുത്തേണ്ടതുണ്ട്. ദൈവത്തെയും സഹജീവികളെയും മറന്ന് സ്വാർത്ഥതയിൽ മാത്രം ഊന്നിയുള്ള സമീപനങ്ങളിൽ തിരുത്തൽ അനിവാര്യമാണ്. മനുഷ്യന്റെ മാനസാന്തരം സ്വർഗ്ഗം ആഗ്രഹിക്കുന്നു. കോവിഡ് മഹാമാരി ഒരു വർഷം പിന്നിട്ട് കഴിഞ്ഞപ്പോഴും നമ്മളിൽ കാര്യമായ മാറ്റങ്ങൾ ഒന്നും ഉണ്ടായിട്ടില്ല. ആയിരങ്ങൾ ശ്വാസംമുട്ടി മരിക്കുമ്പോഴും നമുക്ക് നിസംഗതയാണ്. ഈ നിസംഗതയിൽ സ്വർഗ്ഗം നൊമ്പരപ്പെടുന്നു.

ഈ സന്ദർഭത്തിൽ നമുക്ക് സവിശേഷമായ ദൗത്യം ഉണ്ട്. നാം വിശുദ്ധീകരിക്കപ്പെടണം. ഈ കാലഘട്ടത്തിന്റെ നൊമ്പരങ്ങൾ ഏറ്റുവാങ്ങണം. ഏകരക്ഷകനായ യേശുക്രിസ്തുവിൽ അഭയം തേടണം. ഈ കാലഘട്ടത്തിന്റെ പാപങ്ങൾക്ക് പരിഹാരം അനുഷ്ഠിക്കണം. എല്ലാ ആത്മീയ ആയുധങ്ങളും ഉപയോഗിച്ച് ഈ മഹാമാരിയെ തടഞ്ഞ് നിർത്തണം.

ഈ പശ്ചാത്തലത്തിലാണ് പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ ഈ മെയ് മാസം ജപമാല യജ്ഞത്തിനുള്ള അവസരമാകണമെന്ന് നിർദ്ദേശിക്കുന്നത്. പരിശുദ്ധ അമ്മയോട് ചേർന്നിരുന്ന് രക്ഷണീയ രഹസ്യങ്ങൾ ധ്യാനിച്ച് ഈ പ്രതിസന്ധിഘട്ടത്തെ അതിജീവിയ്ക്കാനാകുമെന്ന് പരിശുദ്ധ പിതാവ് വിശ്വസിക്കുന്നു. പരിശുദ്ധ പിതാവിന്റെ ആഹ്വാനം സ്വീകരിച്ച് ജപമാല യജ്ഞത്തിൽ പങ്കുകാരായി ഈ പോരാട്ടത്തിൽ നമുക്കും അണിചേരാം.

ഇതിന്റെ ഭാഗമായി താഴെപ്പറയുന്ന കാര്യങ്ങൾ വ്യക്തികളായും, കുടുംബമായും, ഇടവകയായും ഏറ്റെടുക്കണമെന്ന് സ്നേഹപൂർവ്വം അഭ്യർത്ഥിക്കുകയാണ്.

1. നമ്മുടെ എല്ലാ കുടുംബങ്ങളിലും മെയ് 1 മുതൽ 31 വരെ സന്ധ്യാപ്രാർത്ഥനയോട് ചേർന്ന് ജപമാല പ്രാർത്ഥന ചൊല്ലണം.

2. നമ്മുടെ 100 ഇടവകകളിലും നിശ്ചയിക്കപ്പെട്ട ദിവസം ഒരു മുഴുവൻ ജപമാലയെങ്കിലും (സന്തോഷത്തിന്റെയും, പ്രകാശത്തിന്റെയും, ദുഃഖത്തിന്റെയും, മഹത്വത്തിന്റെയും രഹസ്യങ്ങൾ) ചൊല്ലി ഇടവകയായി ഈ യജ്ഞത്തിൽ ഭാഗഭാക്കാകണം. ബഹുമാനപ്പെട്ട ജില്ലാവികാരിയച്ചന്മാർ ദിവസം നിശ്ചയിച്ച് അറിയിക്കുന്നതാണ്. ഈ ജപമാല യജ്ഞം മെയ് മാസം 1-ാം തീയതി പത്തനംതിട്ട അരമനയിൽ ആരംഭിക്കും.

3. മെയ് 23-ാം തീയതി പെന്തക്കോസ്തി ഞായറാഴ്ച മുതൽ മെയ് 31-ാം തീയതി തിങ്കളാഴ്ച വരെയുള്ള ദിവസങ്ങളിൽ ഓരോ ഇടവകയിലും സാഹചര്യമനുസരിച്ച് പ്രത്യേക ആചരണശുശ്രൂഷകൾ ക്രമീകരിക്കണം.

4. പെന്തക്കോസ്തിയ്ക്കുള്ള ഒരുക്കമായി, പരിശുദ്ധ അമ്മ ഫാത്തിമായിൽ പ്രത്യക്ഷപ്പെട്ട മെയ് 13-ാം തീയതി മുതൽ 23-ാം തീയതി വരെ (പെന്തക്കോസ്തി ദിനം) പരിശുദ്ധാത്മാവിനാൽ നിറയുന്നതിനുള്ള പ്രത്യേക പ്രാർത്ഥനകൾ ചൊല്ലേണ്ടതാണ്.

5. മെയ് 13-ാം തീയതി മുഴുവനും പത്തനംതിട്ട സങ്കേതഭവൻ ആശ്രമത്തിൽ വച്ച് അഖണ്ഡ ജപമാല ക്രമീകരിച്ചിരിക്കുകയാണ്. രാവിലെ 6.30ന് ആരംഭിക്കുന്ന വിശുദ്ധ കുർബാനയെ തുടർന്ന് വൈകിട്ട് 6 മണിവരെ അഖണ്ഡ ജപമാല ഉണ്ടായിരിക്കും. സന്ധ്യാപ്രാർത്ഥനയോടും വിശുദ്ധ കുർബാനയുടെ ആശീർവാദത്തോടും അന്നത്തെ ശുശ്രൂഷകൾ പൂർത്തിയാകും. ഇവിടെ എത്തിച്ചേരാൻ സാധിക്കാത്തവർ അവർ ആയിരിക്കുന്ന ഇടത്ത് ജപമാല പ്രാർത്ഥന ചൊല്ലി ഈ ശുശ്രൂഷയിൽ പങ്കുചേരണമെന്ന് അഭ്യർത്ഥിക്കുന്നു.

6. പെരുനാട്-മാമ്പാറ ദൈവാലയത്തിൽ മെയ് 1 മുതൽ 31 വരെ രാവിലെ 6 മുതൽ എല്ലാദിവസവും 12 മണിക്കൂർ ജപമാല പ്രാർത്ഥന ഉണ്ടായിരിക്കും.

7. മെയ് 31 വരെ എല്ലാ ദിവസവും വൈകിട്ട് 4 മുതൽ 6.30 വരെ പത്തനംതിട്ട സങ്കേതഭവൻ ആശ്രമ ദൈവാലയത്തിൽ വിശുദ്ധ കുർബാനയുടെ ആരാധനയും മധ്യസ്ഥപ്രാർത്ഥനയും ഉണ്ടായിരിക്കുന്നതാണ്.

8. സി.ബി.സി.ഐ. പ്രാർത്ഥനാദിനമായി പ്രഖ്യാപിച്ചിരിക്കുന്ന മെയ് 7-ാം തീയതി വെള്ളിയാഴ്ച ഉച്ചകഴിഞ്ഞ് 3 മണിക്ക് പത്തനംതിട്ട ഭദ്രാസനത്തിലെ ഓരോ വിശ്വാസിയും കരുണകൊന്തചൊല്ലി നമ്മുടെ നാടിനുവേണ്ടി ദൈവകരുണയ്ക്കായി പ്രാർത്ഥിക്കണം.

ഈ യജ്ഞത്തിൽ ഓരോ വിശ്വാസിയും സജീവമായി സഹകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഈ പ്രതിസന്ധിഘട്ടത്തിൽ നമ്മുടെ നാടിനെ സംരക്ഷക്കുന്നതിനും ഏകരക്ഷകനായ കർത്താവിന്റെ രക്ഷണീയ കർമ്മങ്ങൾക്ക് സാക്ഷികളാകുന്നതിനും സഭയായി നമുക്ക് അണിചേരാം.

കാരുണ്യവാനായ ദൈവം നമ്മെയും നമ്മുടെ നാടിനെയും സംരക്ഷിക്കട്ടെ,

സ്നേഹപൂർവ്വം,

+ Mar Irenios

ഡോ. സാമുവേൽ മാർ ഐറേനിയോസ്
പത്തനംതിട്ട മെത്രാപ്പോലീത്താ

പത്തനംതിട്ട
30/04/2021